**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2844** **18-03-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടിയിൽ സാറ്റലൈറ്റ് ഫോൺ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ കോട്ടത്തറ ആശുപത്രിയെ ട്രൈബൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | (എ) | അട്ടപ്പാടി ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പട്ടികവർഗ വികസന വകുപ്പ് കോട്ടത്തറയിൽ ആരംഭിച്ച ട്രൈബൽ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. ടി ആശുപത്രി നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. കോട്ടത്തറ ആശുപത്രിയെ ട്രൈബൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനമെടുത്തിട്ടില്ല. |
| (ബി) | അട്ടപ്പാടി മേഖലയിലെ എല്ലാ ഊരുകളെയും കോട്ടത്തറ ആശുപത്രിയുമായും അഗളി മിനി സിവിൽ സ്റ്റേഷനുമായും ബന്ധിപ്പിക്കുന്നതിന് സാറ്റലൈറ്റ് ഫോൺ സംവിധാനം ഏർപ്പെടുത്താൻ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഇക്കാര്യം പട്ടികവർഗ്ഗ വികസന വകുപ്പ് ആരോഗ്യവകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്. |

സെക്ഷൻ ഓഫീസർ